# Deepika
# 11 July 2018
# Kochi, Rain Havoc, Waterlogging



കനത്ത മഴയെ തുടർന്ന് ഇന്നലെ എറണാകുളം സൗത്തിലെ റോഡിൽ വെള്ളം നിറഞ്ഞപ്പോൾ.



കൈതക്കാട് പനിച്ചേരിയിൽ ചാർത്താവ് കണ്ണന്റെ വീട്ടിലേക്ക് തെങ്ങ് മറിഞ്ഞ് വീണപ്പോൾ.

## മഴയിൽ മുങ്ങി നഗരം; വലഞ്ഞ് ജനം

**കൊച്ചി:** രണ്ടു ദിവസമായി തോരാതെ പെയ്യുന്ന മഴയിൽ നഗരം വെള്ളത്തിനടിയിലായി. പ്രധാന റോഡുകളിൽ ഉൾപ്പെടെ നഗരത്തിൽ വെള്ളക്കെട്ട് രൂപപ്പെട്ടതോടെ വാഹന-കാൽനട യാത്രക്കാർ ദുരിതത്തിലായി. ഇതോടെ റോഡുകളിൽ മണിക്കുറുകളോളം ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു. വെള്ളക്കെട്ടിൽ കുഴിയും കാനയും തിരിച്ചറിയാൻ സാധിക്കാത്തത് ഇരുചക്രവാഹന യാത്രക്കാരെ വലച്ചു.

എംജി റോഡിൽ മഹാരാജാസ് ഗ്രൗണ്ട് ഭാഗങ്ങളിലും സൗത്ത്, ഹൈക്കോർട്ട് ജംഗ്ഷനിലും രൂക്ഷമായ വെള്ളക്കെട്ടാണ് അനുഭവപ്പെട്ടത്. എംജി റോഡ്, മേനക ജംഗ്ഷൻ എന്നിവിടങ്ങളിലെല്ലാം കാനകൾ നിറഞ്ഞു. കെഎസ്ആർടിസി ബസ് സ്റ്റാൻഡിലെ വെള്ളക്കെട്ട് യാത്രക്കാരെ ബുദ്ധിമുട്ടിലാക്കി. സമീപ പ്രദേശത്തെ മാലിന്യങ്ങൾ മഴവെള്ളത്തോടൊപ്പം സ്റ്റാൻഡിനുള്ളിലേക്ക് ഒഴുകിയെത്തിയത് യാത്രക്കാരെ ഏറെ വലച്ചു.

മേനകയിലും ഹൈക്കോടതി ജംഗ്ഷനിലും സമാന സ്ഥിതി തന്നെയായിരുന്നു. കെപിസിസി ജംഗ്ഷനിൽ മെട്രോയുടെ പണികൾ മൂലം റോഡിന് വീതി കുറച്ചതും റോഡിൽ രൂപപ്പെട്ട കുഴികളിൽ വെള്ളം നിറഞ്ഞതും ഗതാഗതക്കുരുക്കിന് വഴിയൊരുക്കി. സൗത്ത് റെയിൽവേ സ്റ്റേഷനിലേക്കുള്ള ഇരുവശത്തേയും വഴിയിൽ വെള്ളക്കെട്ട് രൂപപ്പെട്ടതോടെ യാത്രക്കാർ സ്റ്റേഷനിലെത്താൻ ബുദ്ധിമുട്ടി.

മെട്രോയുടെ നിർമാണം നടക്കുന്നതിനാൽ പ്രധാന കവാടത്തിലേക്കുള്ള വഴി തകർന്ന് കിടക്കുന്നതും വാഹനയാത്രക്കാരെ വലച്ചു. കാനകളിൽനിന്നു പുറംതള്ളിയ മലിനജലത്തിൽ ചവിട്ടി സ്റ്റേഷനിലേക്ക് എത്തേണ്ട അവസ്ഥയായിരുന്നു യാത്രക്കാർക്ക്. എംജി റോഡിനോട് ചേർന്ന് നഗരത്തിലെ പ്രധാന സ്കൂളുകളിലൊന്നായ എസ്ആർവി സ്കൂളും പരിസരവും കനത്ത മഴയിൽ വെള്ളത്തിനടിയിലായി.

റോഡിനോട് ചേർന്നുള്ള പല ബസ് സ്റ്റോപ്പുകളിലും വെള്ളക്കെട്ട് രൂപപ്പെട്ടതിനാൽ ബസ് ഇറങ്ങുന്നതിനും കയറുന്നതിനും യാത്രക്കാർ ഏറെ ബുദ്ധിമുട്ടി. മേൽപ്പാലത്തിന്റെ നിർമാണവും മെട്രോയുടെ പണികളും പുരോഗമിക്കുന്ന വൈറ്റില ജംഗ്ഷനിലെ റോഡുകൾ മഴയിൽ ചെളിക്കുണ്ടായി. ഇതോടെ രാവിലെ മുതൽ വൈറ്റിലയിൽ മണിക്കൂറുകളോളം ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു. എസ്എ റോഡിലെ ഗതാഗതക്കുരുക്ക് ശക്തമായതോടെ വൈറ്റിലയിൽ നിന്നുനഗരത്തിനകത്തേക്കും സൗത്ത്ഭാഗത്തുനിന്നുവൈറ്റിലയിലേക്കുമുള്ള യാത്രക്കാർ വലഞ്ഞു.

### തെങ്ങ് വീണ് നിർധന കുടുംബത്തിന്റെ വീടു തകർന്നു

**കിഴക്കമ്പലം:** കനത്ത മഴയിൽ തെങ്ങ് മറിഞ്ഞു വീണ് നിർധന കുടുംബത്തിന്റെ വീടു തകർന്നു. കുന്നത്തുനാട് പഞ്ചായത്തിൽ അഞ്ചാം വാർഡ് കൈതക്കാട് പനിച്ചേരിയിൽ ചാർത്താവ് കണ്ണന്റെ വീടിനു മുകളിലേക്കാണ് തെങ്ങ് മറിഞ്ഞ് വീണത്. ഈ സമയത്തു വീടിനുള്ളിലുണ്ടായിരുന്ന ചാർത്താവും ഭാര്യയും പരുക്കേൽക്കാതെ രക്ഷപ്പെട്ടു. പട്ടികജാതിക്കാരായ ഇവരുടെ ഏക സമ്പാദ്യമായിരുന്നു ആകെയുണ്ടായിരുന്ന വീട്. പഞ്ചായത്ത് പ്രസിഡന്റ് ജിജോ വി.തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗൗരി വേലായുധൻ, പഞ്ചായത്തംഗം കെ.കെ. പ്രഭാകരൻ, വില്ലേജ് ഓഫീസർ എന്നിവർ വീട് സന്ദർശിച്ചു.

### വെള്ളക്കെട്ട്: വനിതാ പഞ്ചായത്തംഗം മാലിന്യം കോരി

**വൈപ്പിൻ:** കനത്ത മഴയിൽ വാർഡിൽ വെള്ളക്കെട്ട് രൂക്ഷമായപ്പോൾ കാനയിലും തോട്ടിലും നീരൊഴുക്ക് തടസപ്പെടുത്തിയ മണലും പ്ലാസ്റ്റിക്കുകളും ചവറുകളും കോരി മാറ്റാൻ വാർഡംഗം രംഗത്തിറങ്ങി. ഞാറക്കൽ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ മിനി രാജുവാണ് മറ്റ് അംഗങ്ങൾക്ക് മാതൃക കാട്ടി മൺവെട്ടിയും തോട്ടിയുമായി വെള്ളക്കെട്ട് മാറ്റാൻ രംഗത്തിറങ്ങിയത്.

ഞാറക്കൽ കടക്കര ക്ഷേത്രത്തിനു പടിഞ്ഞാറ് അഞ്ചോളം വീടുകളും ഈ ഭാഗത്തെ പറമ്പും വെള്ളത്തിൽ മുങ്ങിയെന്ന് സ്ഥലവാസികൾ വിളിച്ചറിയിച്ചിനെത്തുടർന്നാണ് മെമ്പർ സ്ഥലത്തെത്തിയത്. മഴവെള്ളം ഒഴുകിപ്പോയിരുന്ന സ്വകാര്യ തോടുകൾ പലതും കെട്ടിയടച്ച് വീതി കുറച്ചതാണ് ഇവിടുത്തെ വെള്ളക്കെട്ടിന്റെ പ്രധാന കാരണം.